**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 259** **01-03-2023 - ൽ മറുപടിയ്ക്ക്**

**വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുവാനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാലത്തെ മാന്ദ്യത്തിന് ശേഷം സംസ്ഥാനത്ത് എത്തുക്കന്ന ആഗോള വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | കഴിഞ്ഞ അഞ്ചു വർഷക്കാലം സംസ്ഥാനത്തുണ്ടായ പ്രകൃതി ദുരന്തങ്ങളും കോവിഡും വിനോദ സഞ്ചാര മേഖലയെ ഗുരുതരമായിട്ടാണ് ബാധിച്ചത്. എന്നാൽ സർക്കാർ നടപ്പാക്കിയ ആസൂത്രിതമായ പ്രവർത്തനങ്ങളുടെ ഫലമായി കേരള ടൂറിസത്തെ വളർച്ചയുടെ പാതയിലേയ്ക്ക് തിരികെ എത്തിച്ചു. 2022 ൽ 1,88,67,414 ആഭ്യന്തര വിനോദ സഞ്ചാരികളും 3,45,549 വിദേശ വിനോദസഞ്ചാരികളും കേരളം സന്ദർശിച്ചു. 2020, 2021 വർഷങ്ങളിൽ ആഭ്യന്തര സഞ്ചാരികൾ യഥാക്രമം 49,88,972, 75,37,617 ഉം വിദേശ വിനോദസഞ്ചാരികൾ യഥാക്രമം 3,40,755, 60,487 ഉം ആയിരുന്നു. 2021 കലണ്ടർ വർഷത്തെ അപേക്ഷിച്ച് ആഭ്യന്തര വിനോദ സഞ്ചാരികളിൽ 150.31% വർദ്ധനവും വിദേശ വിനോദസഞ്ചാരികളിൽ 471.28% വർദ്ധനവും വന്നിട്ടുണ്ട്. കോവിഡ് കാലത്തെ മാന്ദ്യത്തിനുശേഷം സംസ്ഥാനത്ത് എത്തുന്ന ആഗോള വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ക്രമാനുഗതമായി വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ബി) | വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | വിദേശ വിനോദസഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്ന വിധം ടൂറിസം പദ്ധതികൾ നൂതനവും കാലികവുമാക്കാനുള്ള നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. പുതുതായി ആരംഭിച്ച കാരവൻ ടൂറിസം നൂതനമായ ടൂറിസം ഉൽപന്നമെന്ന നിലയിൽ കൂടുതൽ സഞ്ചാരികളെ പ്രത്യേകിച്ചും വിദേശ വിനോദ സഞ്ചാരികളെ കൂടുതലായി ആകർഷിക്കാൻ |

| | | | |
|---|---|---|---|
| | | | സാധിക്കുന്നുണ്ട്. സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ നവീകരിച്ച മൊബൈൽ ആപ്പും പുറത്തിറക്കിയിട്ടുണ്ട്. ഇതു കൂടാതെ സോഷ്യൽ മീഡിയയുടെ പ്രയോജനം സംസ്ഥാനത്തെ ടൂറിസം വികസനത്തിന് ഉപയോഗിക്കുന്നതിന് ആവശ്യമായ നിരവധി നൂതനമായ പദ്ധതികൾക്കും രൂപം നൽകി നടപ്പാക്കി വരുന്നു. കോവിഡിന്റെ പശ്ചാത്തലത്തിൽ നമ്മുടെ സംസ്ഥാനം സന്ദർശിക്കുന്ന വിനോദ സഞ്ചാരികൾക്ക് ആത്മവിശ്വാസം പകരുന്നതിനും നമ്മുടെ നാട് സഞ്ചാരികൾക്ക് സുരക്ഷിതം ആണെന്ന സന്ദേശം നൽകുന്നതിനുമായി റീ അഷ്വറൻസ് ക്യാമ്പയിനും നടപ്പാക്കി വരുന്നു.<br><br>അനുഭവവേദ്യ ടൂറിസം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളും വ്യാപകമാക്കി. ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായുള്ള സ്ട്രീറ്റ് പദ്ധതി ഉൾപ്പെടെ നടപ്പിലാക്കി വരുന്നു.<br><br>സംസ്ഥാനത്തിന്റെ പ്രധാന ടൂറിസം കേന്ദ്രമായ കോവളത്തിന്റെ പ്രൗഢി ഉയർത്തുന്നതിനുള്ള പ്രത്യേക പദ്ധതിയ്ക്കും അംഗീകാരം നൽകിയിട്ടുണ്ട്.<br><br>കേരള ട്രാവൽ മാർട്ട് വീണ്ടും ആരംഭിച്ചു. അതിന്റെ തുടർച്ചയായി വിർചൽ കേരള ട്രാവൽ മാർട്ടും സംഘടിപ്പിക്കുകയാണ്. ഇതോടൊപ്പം കേരളത്തിലെ ടൂറിസം മേഖലയെ മികച്ച നിലയിൽ ഡിസൈൻ ചെയ്യുന്നതിന് സമഗ്രമായ ഡിസൈൻ നയം തയ്യാറാക്കുന്നത് പരിഗണനയിലാണ്.<br><br>ഇതിനു പുറമെ, വിനോദസഞ്ചാര കേന്ദ്രങ്ങളെ ആസ്ഥാനമാക്കി കേരളത്തെ അതിവേഗം അടുത്തറിയാൻ 2022 മാർച്ചിൽ ആരംഭിച്ച രാജ്യത്തെ ആദ്യ ചാറ്റ് ബോട്ട് സേവനമായ "**മായ**" ഇതിനോടകം ഏകദേശം 2,50,000 ചാറ്റുകൾ പിന്നിട്ടു. ഇൻഫർമേഷൻ കിയോസ്ക് വഴി വിരൽത്തുമ്പിലൂടെ വിവരങ്ങൾ അറിയാനുള്ള സംവിധാനവും വിനോദസഞ്ചാരികൾക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ആഗോളതലത്തിൽ കഴിവുള്ള ടൂറിസം പ്രൊഫഷണലുകളെ വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | ആഗോളതലത്തിൽ കഴിവുള്ള ടൂറിസം പ്രൊഫഷണലുകളെ വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി വിനോദ സഞ്ചാര വകുപ്പിന്റെ കീഴിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (എസ്.ഐ.എച്ച്.എം - കോഴിക്കോട്), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ഐ.എച്ച്.എം.സി.റ്റി. - തിരുവനന്തപുരം), കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്), ഫുഡ് ക്രാഫ്റ്റ് |

| | | | |
|---|---|---|---|
| | | | ഇൻസ്റ്റിറ്റ്യൂട്ട് (എഫ്.സി.ഐ) തുടങ്ങിയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.<br><br>ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് വഴി വിനോദസഞ്ചാര വകുപ്പിലെ ജീവനക്കാർക്ക് മാനവ വിഭവശേഷി വികസനത്തിന്റെ ഭാഗമായി പരിശീലനം നൽകുന്നുണ്ട്. കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സഹായത്തോടെ മൾട്ടി ക്യുസിൻ കുക്ക്, ഫ്രണ്ട് ഓഫീസ് അസോസിയേറ്റ്, ട്രഡീഷണൽ സ്നാക്ക്സ് & സേവറി മെയ്ക്കർ, തന്തൂർ കുക്ക് തുടങ്ങിയ കോഴ്സുകൾ കിറ്റ്സ്/സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് വഴി നടത്തി വരുന്നുണ്ട്.<br><br>വിനോദസഞ്ചാരികൾക്ക് പ്രൊഫഷണൽ നിലവാരത്തിലുള്ള സേവനം ഉറപ്പാക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ വിവിധ പരിശീലന പരിപാടികൾ കിറ്റ്സും നടത്തി വരുന്നു.<br><br>വിവിധ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് ബേർഡ് വാച്ചിംഗ്, ഗൈഡിംഗ് സ്കിൽ, ഇന്റർപ്രിട്ടർ, ലോക്കൽ സ്പെസിഫിക്ക് ഫുഡ് ആന്റ് സ്നാക്ക്സ് പ്രിപ്പറേഷൻ, സസ്റ്റയിനബിൾ ടൂറിസം എഡ്യൂക്കേഷണൽ പ്രോഗ്രാം എന്നിവയിലും കിറ്റ്സ് പരിശീലനം നൽകുന്നുണ്ട്.<br><br>സാഹസിക ടൂറിസ്റ്റുകൾക്ക് നല്ല സേവനവും സുരക്ഷയും ഉറപ്പാക്കുന്നതിനായി കിറ്റ്സ് പരിശീലനം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ